**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2472** **27-02-2023 - ൽ മറുപടിയ്ക്ക്**

**സംരംഭകത്വ വികസന ക്ലബ്ബുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരഭിക്കുന്നതിന് പദ്ധതിയുണ്ടോ; | (എ) | എഞ്ചിനീയറിങ് കോളേജുകൾ, പോളിടെക്നിക്കുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും പ്രസ്തുത ക്ലബ്ബുകൾക്ക് സംരംഭകത്വ പരിശീലനം നൽകുന്നതിനും ജില്ലാ വ്യവസായ കേന്ദ്രം വഴി നിലവിൽ സംവിധാനമുണ്ട്. ബന്ധപ്പെട്ട വ്യവസായ വികസന ഓഫീസർമാർ വഴി ക്ലബ്ബുകൾക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകിവരുന്നു. സംസ്ഥാനത്തു നിലവിൽ ഏകദേശം 850 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷം ക്ലബ്ബുകളുടെ എണ്ണം 1000 ആക്കുന്നതിന് വ്യവസായ വകുപ്പ് ലക്ഷ്യമിട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വെളിപ്പെടുത്തുമോ? | (ബി) | വിദ്യാർത്ഥി സമൂഹത്തിൽ സംരംഭകത്വ സംസ്കാരം പരിപോഷിപ്പിക്കുന്നതിനും നൈസർഗ്ഗികമായ സംരംഭകത്വ കഴിവുകൾ, നൈപുണികൾ, സാങ്കേതിക വൈദഗ്ധ്യം എന്നിവ അവരുടെ വ്യക്തിത്വ വികസനത്തിലൂന്നി പരിശീലിപ്പിച്ച് വളർത്തിയെടുക്കുന്നതിനും അവരെ സംരംഭകരോ സംരംഭങ്ങൾ വളർത്തിയെടുക്കുന്നതിൽ ക്രിയാത്മക സംഭാവന നൽകാൻ കഴിയുന്ന മികച്ച വ്യക്തികളോ ആക്കി മാറ്റുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ